**Desabhimani**
**30 August 2018**
**Thiruvananthapuram;**
**Kerala**
**Reconstruction**

# ഒപ്പമുണ്ടാകുമെന്ന് ലോകബാങ്കിന്റെ ഉറപ്പ്

**തിരുവനന്തപുരം**

കേരളത്തെ പുനർനിർമിക്കാൻ ഒപ്പമുണ്ടാകുമെന്ന് ലോകബാങ്ക് പ്രതിനിധി സംഘത്തിന്റെ ഉറപ്പ്. പ്രളയത്തിൽ കേരളത്തിനുണ്ടായ നഷ്ടം വിലയിരുത്താനും പുനരുദ്ധാരണത്തിനുള്ള മാർഗങ്ങൾ കണ്ടെത്താനുമാണ് ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് (എഡിബി) പ്രതിനിധികൾ കേരളത്തിലെത്തിയത്. പ്രതിനിധി സംഘം മുഖ്യമന്ത്രി പിണറായി വിജയൻ, ചീഫ് സെക്രട്ടറി, വകുപ്പ് മേധാവികൾ എന്നിവരുമായി ചർച്ച നടത്തി.

പത്ത് ദിവസത്തിനകം സംഘം അടിയന്തര ദുരന്തനാശനഷ്ടങ്ങളുടെയും ആവശ്യങ്ങളുടെയും നിർണയം (റാപ്പിഡ് ഡാമേജ് അസസ്മെന്റ് ആന്റ് നീഡ്സ് അനാലിസിസ്) നടത്തും. ഇതിനുശേഷം ചീഫ് സെക്രട്ടറിയും വകുപ്പുതല സെക്രട്ടറിമാരുമായും ചർച്ച നടത്തി വായ്പാഘടന തയ്യാറാക്കും. ലോക ബാങ്ക് ആക്ടിംഗ് കൺട്രി ഡയറക്ടർ ഹിഷാം അബ്ദോ, ലീഡ് ഡി ആർ എം സ്പെഷ്യലിസ്റ്റ് ദീപക് സിംഗ്, എഡിബി കൺട്രി ഡയറക്ടർ കെനിച്ചി യോക്കോയാമ, കേന്ദ്ര സാമ്പത്തികവകുപ്പ് ഡയറക്ടർ ബന്ദന പ്രേയഷി, ഐ. എഫ്. സി സീനിയർ ഇൻവെസ്റ്റ്മെന്റ് ഓഫീസർ മദൻ കർനാനി എന്നിവരാണ് സംഘത്തിലുള്ളത്.

പ്രളയദുരന്തത്തിൽനിന്ന് ഉയിർത്തെണീറ്റ് പുതിയൊരു കേരളത്തെ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് പ്രതിനിധി സംഘവുമായി നടത്തിയ ചർച്ചയിൽ മുഖ്യമന്ത്രി പറഞ്ഞു. അന്താരാഷ്ട്രനിലവാരമുള്ള റോഡുകളും പാലങ്ങളും നിർമിക്കുന്നതിലൂടെ ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്നുനൽകാനാകും. പ്രളയം സൃഷ്ടിച്ച നഷ്ടത്തിന്റെ വ്യാപ്തി വളരെ വലുതാണ്. റോഡുകളും പാലങ്ങളും നശിച്ചതിനൊപ്പം ചെറുകിട കച്ചവടക്കാരും ബിസിനസുകാരും വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ഇവരുടെ പുനരധിവാസത്തിന് നിലവിലെ ബാങ്ക് പദ്ധതികൾ മാത്രം മതിയാകില്ല. ലോകബാങ്കിന്റെ സഹായം ആവശ്യമാണ്.

പരിസ്ഥിതി ദുർബല പ്രദേശത്തുനിന്ന് ജനങ്ങളെ മാറ്റി പുനരധിവസിപ്പിക്കേണ്ടിവരും. ഇത്തരം കാര്യങ്ങളിൽ പ്രതിനിധി സംഘത്തിന്റെ ഭാഗത്തുനിന്ന് വേഗത്തിലുള്ള നടപടികൾ ഉണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു.